# ‘SMILE’ പദ്ധതി

## [Support for marginalized individuals for livelihoods and enterprise]

കേരളത്തിൽ കോവിഡ്-19 ബാധിച്ച് മരണം സംഭവിച്ച മുഖ്യ വരുമാനാശ്രയമായ വ്യക്തിയുടെ വനിതകളായ ആശ്രിതർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി, ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും ദേശീയ പട്ടിക ജാതി ധനകാര്യ വികസന കോർപ്പറേഷന്റെയും സംയുക്തമായ ധനസഹായം ലഭ്യമാക്കിക്കൊണ്ട് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം ലഭ്യമാക്കുന്ന സ്വയം തൊഴിൽ വായ്പ പദ്ധതിയാണ് **‘SMILE’ പദ്ധതി.**

പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താവിന് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് വേണ്ടി പരമാവധി അഞ്ച് ലക്ഷം രൂപ വരെ സ്വയംതൊഴിൽ വായ്പയായി അനുവദിക്കാവുന്നതാണ്. വായ്പ തുകയുടെ 20 ശതമാനമോ അല്ലെങ്കിൽ പരമാവധി ഒരു ലക്ഷം രൂപ വരെയോ Credit linked capital subsidy ലഭിക്കുന്നതാണ്.

### യോഗ്യതാ മാനദണ്ഡം

1) അപേക്ഷക കേരളത്തിൽ സ്ഥിര താമസക്കാരിയായിരിക്കണം.
2) അപേക്ഷകയുടെ വാർഷിക കുടുംബവരുമാനം 3 ലക്ഷം രൂപയിൽ കവിയരുത്.
3) കോവിഡ് ബാധിച്ച് മരണപ്പെട്ട കുടുംബനാഥൻ/നാഥ 18 നും 60 നും വയസ്സിനിടയിൽപ്പെട്ട ആളായിരിക്കണം.
4) താഴെ പറയുന്നവയിൽ ഏതെങ്കിലും പ്രകാരമുള്ള മരണ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
   (1) മുനിസിപ്പാലിറ്റി അല്ലെങ്കിൽ സിവിൽ രജിസ്ട്രേഷൻ വകുപ്പ് രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്
   (2) മരണ സമയം ആശുപത്രി അധികൃതർ നൽകുന്ന സർട്ടിഫിക്കറ്റ്
   (3) ശ്മശാന അധികൃതർ നൽകുന്ന രസീത്
   (4) മേൽപ്പറഞ്ഞവയുടെ അഭാവത്തിൽ വില്ലേജ് തലത്തിൽ/പഞ്ചായത്ത് ബി.ഡി.ഒ മാർ നൽകുന്ന സർട്ടിഫിക്കറ്റ്

### പലിശ നിരക്ക്

| | |
|---|---|
| വായ്പ വാർഷിക പലിശ നിരക്ക് | - 6% |
| തിരിച്ചടവ് കാലാവധി | - 5 വർഷം വരെ |
| മോറട്ടോറിയം കാലാവധി | - 1 വർഷം |

വായ്പ ആവശ്യമുള്ളവർ https://forms.gle/vhtEVrRhPq4ainUh8 എന്ന ലിങ്ക് വഴി **15/07/2021** ന് മുൻപായി രജിസ്റ്റർ ചെയ്യേണ്ടതാണ്.